പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4016 — 19.03.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനത്തിനായി മാസ്റ്റർപ്ലാൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ<br>,, എൻ. ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ; | (എ) | തയ്യാറാക്കിയിട്ടില്ല. |
| (ബി) | ഈ പ്ലാൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയെല്ലാമാണെന്നും ഇത് നടപ്പാക്കുന്നതിന് എത്ര ചെലവുണ്ടാകുമെന്നും അറിയിക്കുമോ; | (ബി) | തീരദേശത്തിന്റെ സമഗ്രവികസനത്തിനായി 2000 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കുമെന്ന് 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർദ്ദിഷ്ട തീരദേശ വികസന പാക്കേജിന്റെ ഒരു സമീപന രേഖ തയ്യാറാക്കാൻ മുൻ ചീഫ് സെക്രട്ടറി ശ്രീ.എസ്.എം.വിജയാനന്ദ് ചെയർമാനായ ഒരു സമിതിയെ നിയോഗിച്ചിരിക്കയാണ്. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാനാവുമെന്ന് വിശദമാക്കുമോ; | (സി) | ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ